**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1387** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നേയ്ക്ക് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെട്ടുവിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 2022-23 വർഷത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനാംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | 2022-23 വർഷത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എയ്ഡഡ് വിദ്യാലയങ്ങളിലെ ഭിന്നശേഷി നിയമനങ്ങളിൽ ഭിന്നശേഷി സംവരണം മുഖേന എത്രപേരെ നിയമിച്ചിട്ടുണ്ട്; നിയമനത്തിനായി യോഗ്യത നേടിയ എത്രപേർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 620 പേരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലേക്ക് നിയമിക്കപ്പെടുവാൻ യോഗ്യത നേടിയ 1,09,782/- ഉദ്യോഗാർത്ഥികൾ കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ഭിന്നശേഷി സംവരണത്തിനായി നീക്കിവച്ച തസ്തികകളുൾപ്പെടെയുള്ള വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപർക്ക് വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഭിന്നശേഷി സംവരണത്തിനായി നീക്കിവച്ച തസ്തികകളുൾപ്പെടെയുള്ള വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനങ്ങൾ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരവും വേതനവും നൽകുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ